13209
29/8/16

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിക്ക് സ്ഥാനക്കയറ്റം നൽകി വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ)നം. 347/2016/ധന** **തിരുവനന്തപുരം, തീയതി : 27.08.2016**

---

പരാമർശം:- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19.01.2016 ലെ കെ.എസ്.എ./എസ്റ്റാ.1/2016 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറായ ശ്രീ.ടി.ഭാസി 31.01.2016 ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിക്ക് സ്ഥാനക്കയറ്റം നൽകി വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിക്ക് കെ.എസ്&എസ്.എസ്.ആർ 1958, റൂൾ 28 എ പ്രകാരം 89000-120000 ശമ്പള സ്കെയിലിൽ, (പ്രീ റിവൈസ്ഡ് സ്കെയിൽ 46640 – 59840 (+900 SP)), സ്ഥാനക്കയറ്റം നൽകി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ.കെ.എം.എബ്രഹാം**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ (ഇൻ ചാർജ്ജ്), കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ഡി.സാങ്കി, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ ഇൻ ചാർജ്ജ് മുഖേന
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പൊതുഭരണ (എസ്.സി) വകുപ്പ് (25.08.2016 ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പുകൾ ഇനം നം.227)
✓വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-08-2016.

ഫയൽ നം.4397/എസ്റ്റാ.ഡി1/2016/ധന.(ഇ.166052) ഇനം നം: 227

വിഷയം : ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ. ഡി. സാങ്കിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

## കേരള സർക്കാർ
## ശ്രീ.പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 4397/എസ്റ്റാ.ഡി1/2016/ധന(ഇ 166052) |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/07/16 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഫയൽ ധനകാര്യ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീകല.എസ്.പണിക്കർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.കെ.എം.എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/08/16 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18/08/16 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/08/16 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/08/16 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 25/08/2016 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ (കൈ) നം. 347/2016/ധന, തീയതി 27.08.16 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിക്കുന്നത് സംബന്ധിച്ച നിർദ്ദേശമാണ് ഈ കുറിപ്പിലുള്ളത്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡയറക്ടറായിരുന്ന ശ്രീ.ടി.ഭാസി 31.01.2016 ൽ വിരമിച്ചതിനെ തുടർന്ന്, 01.02.2016 മുതൽ ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്.

2008 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് സർവ്വീസ് റൂൾസ് പ്രകാരം, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഐ.എ & എ.എസ് കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ ഐ.എ.എസ് കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനേയോ അല്ലെങ്കിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർമാരിൽ നിന്നും ഒരു ഉദ്യോഗസ്ഥനേയൊ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായി നിയമിക്കാവുന്നതാണ്. ടി സ്പെഷ്യൽ റൂളിലെ ചട്ടം 4 പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡയറക്ടർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) എന്നീ തസ്തികകൾ ഒഴിച്ചുള്ള തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ യോഗ്യത, കഴിവ് എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതും, യോഗ്യതയും കഴിവും തുല്യമായി വന്നാൽ മാത്രം സീനിയോറിറ്റി കണക്കാക്കേണ്ടതുമാണ്. ആയതിനാൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് സെലക്ട് ലിസ്റ്റ് ആവശ്യമില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ മുൻ ഡയറക്ടറായിരുന്ന ശ്രീ.ടി.ഭാസി 31.01.2016 ന് വിരമിക്കുകയും 03.02.2016 ലെ സ.ഉ (സാധാ) നം.1151/2016/ധന പ്രകാരം ഡയറക്ടറേറ്റിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീ.ഇ.കെ.പ്രകാശന് ഡയറക്ടറുടെ അധികാരം നൽകുകയുമുണ്ടായി. പിന്നീട് 30.04.2016 ന് ശ്രീ.ഇ.കെ.പ്രകാശൻ വിരമിച്ചപ്പോൾ 29.04.2016 ലെ സ.ഉ (സാധാ) നം.3927/2016/ധന പ്രകാരം ധനകാര്യ (എസ്റ്റാ.ഡി) വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി.പി.ബി.ഓമനയ്ക്ക്, പുതിയ ഡയറകടറെ നിയമിക്കുന്നത് വരെ, ഡയറക്ടറുടെ അധികാരം നൽകിയിരുന്നു.

15.11.2004 ലെ 11375/ഇ.3/2004/വിജി നം. സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം ഫയൽ വിജിലൻസ് (ഡി) വകുപ്പിലേയ്ക്ക് അയയ്ക്കുകയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ

ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിക്കെതിരെ വിജിലൻസ് കേസോ വിജിലൻസ് അന്വേഷണമോ നിലവിലില്ലെന്ന് വകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയും ബഹു.ധനകാര്യ വകുപ്പ് മന്ത്രിയും അനുമതി നൽകിയിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഏറ്റവും മുതിർന്ന ജോയിന്റ് ഡയറക്ടറായ ശ്രീ.ഡി.സാങ്കിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഡയറക്ടറായും ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ട്രഷററായും നിയമിക്കാമോ ?